# KERALA SCHOOL KALOLSAVAM 2016-17

KANNUR - 2017 JANUARY 16-22

Code No. 314

SCHOOL KALOLSAVAM PROGRAMME COMMITTEE

വിഷയം : മാധ്യമങ്ങളും ആവിഷ്കാരസ്വാതന്ത്ര്യവും.

## ആവിഷ്കാരം ജനാധിപത്യപരമാകുമ്പോൾ

നാഗരികസംസ്കൃതിയിലേക്കുള്ള മനുഷ്യവംശത്തിന്റെ പ്രയാണം അനേകം പ്രതിസന്ധികളെ തരണം ചെയ്തുകൊണ്ടായിരുന്നു. പ്രതികൂലകാലാവസ്ഥയെയും തന്മൂലമുണ്ടായ ജീവിതപ്രശ്നങ്ങളെയും നേരിടാനുള്ള കരുത്ത് അവൻ നേടിയത് ജീവന്റെ അടിസ്ഥാനചോദനയായ അതിജീവനത്തിൽ നിന്നാണ്. തീയുടെയും ചക്രത്തിന്റെയും കൃഷിയുടെയും കണ്ടുപിടുത്തത്തിന് ശേഷമുണ്ടായ വളർച്ച മനുഷ്യനെ വനാന്തരഗുഹകളിൽ നിന്നും ബഹിരാകാശം വരെ എത്തിച്ചിരിക്കുന്നു.

സങ്കീർണമായ സാംസ്കാരികഘട്ടങ്ങളിലൂടെയാണ് മനുഷ്യവംശം ജനാധിപത്യബോധത്തിലേക്കുയർന്നത് — സംസ്കൃതിയുടെ ഉന്നതതലം. ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യയിൽ, ജനാധിപത്യത്തിന്റെ നാലാം നെടുംതൂണായ മാധ്യമങ്ങളുടെ പങ്കും പ്രാധാന്യവും ഏറെ

314

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

ചർച്ച ചെയ്യപ്പെടേണ്ടതായുണ്ട്.

നിയമനിർമ്മാണം, കാര്യനിർവഹണം, നീതിന്യായം എന്നീ ജനാധിപത്യസ്തംഭങ്ങളുടെ തുല്യപ്രാധാന്യത്തോടുകൂടി ജനാധിപത്യത്തെ സുസ്ഥിരമായി നിലനിർത്തുന്ന നാലാമത്തെ തൂണായി മാധ്യമങ്ങൾ വിശേഷിപ്പിക്കുന്നു. രാജ്യത്തെ നയിക്കുന്ന ഭരണകൂടം ഉണ്ടായിരിക്കുമ്പോൾ തന്നെ വിമർശനങ്ങളിലൂടെയും നിരൂപണങ്ങളിലൂടെയും രാജ്യത്തെ നേർവഴിക്കു നയിക്കുന്നതിലും, കൊള്ളേണ്ടതു കൊള്ളാനും തള്ളേണ്ടതു തള്ളാനും ഓർമപ്പെടുത്തുന്നതിലും മാധ്യമങ്ങളുടെ സ്ഥാനം ആദരണീയമാണ്. ജനങ്ങളുടെ യഥാർത്ഥ വക്താക്കളായി മാധ്യമസമൂഹം മാറിക്കൊണ്ടിരിക്കുമ്പോഴും ആവിഷ്കാര - ചിന്താ സ്വാതന്ത്ര്യങ്ങൾക്കെതിരെ കുന്തമുനകളുയരുന്ന ആധുനികസമൂഹത്തിൽ മാധ്യമസ്വാതന്ത്ര്യം എന്തുകൊണ്ടും ചിന്തനീയം തന്നെ.

അടുത്തകാലത്തു നടന്ന, ഇന്നും തുടരുന്ന ചൂടേറിയ സംഭവവികാസങ്ങൾ ലോകശ്രദ്ധയാകർഷിക്കപ്പെട്ടത് മാധ്യമങ്ങളിലൂടെയാണ്. വിദ്യാഭ്യാസ-ആരോഗ്യ-സാംസ്കാരിക രംഗങ്ങളിലും, മത-അസഹിഷ്ണുതാ വാദങ്ങളിലും തൊട്ടടുത്ത് കാണാനായി

പിൻവലിക്കൽ നടപടി വരെ ജനവികാരം ശക്തമായി പ്രകടിപ്പിക്കുന്ന സുധീരമായ ചർച്ചകൾ മാധ്യമങ്ങൾ നടത്തി. പലപ്പോഴും അത് ഭരണകൂടത്തിന്റെ ആശയങ്ങളെ വെല്ലുവിളിക്കുന്നതും നിലവിലെ സാമൂഹ്യവ്യവസ്ഥയെ ചോദ്യം ചെയ്യുന്നതുമാണ്. എന്നാലും തങ്ങളുടെ ചിന്തകളും സമൂഹത്തിന്റെ അഭിപ്രായങ്ങളും പച്ചയായി പ്രകടിപ്പിക്കാനുള്ള അവകാശം ഓരോ പൗരനും എന്നപോലെ മാധ്യമങ്ങൾക്കുമുണ്ട്. അതുതന്നെ-യാണ് ജനാധിപത്യബോധങ്ങൾക്ക് അടിത്തറ പാകുന്നതും.

വർത്തമാന സമൂഹത്തിൽ അസഹിഷ്ണുതാവിവാദങ്ങളും, സർവ്വകലാശാല — വിദ്യാഭ്യാസ പ്രതിസന്ധികളും ജാതി—ലിംഗ പോരാട്ടങ്ങളും ദളിത് പ്രശ്നങ്ങളും പരിശോധിക്കാം. ഗോമാംസം സൂക്ഷിച്ചുവെന്ന പേരിൽ ഉത്തർപ്രദേശിൽ മുഹമ്മദ് അഖ്ലാക്ക് എന്ന ഇന്ത്യൻ 'പൗരനെ' വധിക്കുകയുണ്ടായി. ഗോമാതാവ് എന്ന ചിന്തയുടെ പേരിൽ നടക്കുന്ന അതിക്രമങ്ങളിൽ ഒന്നുമാത്രമായിരുന്നു അത്. പിന്നീടുനടന്നായ പരിശോധനയിൽ അത് ഗോമാംസമല്ല എന്നു തെളിയുകയും ചെയ്തു. ഇന്ത്യയുടെ

KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

ജനാധിപത്യ മനസിനെ തന്നെ മുറിപ്പെടുത്തിയ
ഒരു സംഭവമായിരുന്നത്. ~~അ~~ തുടർന്നുണ്ടായ
അസഹിഷ്ണുതാ വിവാദത്തിൽ ഈ സംഭവം
ഏറെ ചർച്ചചെയ്യപ്പെട്ടു. സത്യസന്ധമായ വാർത്തകൾ
റിപ്പോർട്ട് ചെയ്ത മാധ്യമങ്ങൾക്കെതിരെയും,
വിമർശിച്ച് മുഖപ്രസംഗങ്ങളെഴുതിയ ലേഖകർക്കെ
തിരെയും ഒരു വിഭാഗം ചിന്താഗതിക്കാർ
അക്രമാസക്തരായി. മാധ്യമങ്ങളുടെ ആവിഷ്കാര
സ്വാതന്ത്ര്യത്തെ തെറ്റായ രീതിയിൽ ചോദ്യം
ചെയ്യുകയായിരുന്നു അവർ.

ഇന്ന് നിലനിൽക്കുന്ന സ്വാശ്രയ - വിദ്യാഭ്യാസ
പ്രശ്നങ്ങളും ദളിത് ദുരന്തങ്ങളും യുവതലമുറ
യുടെ ~~ആത്മവ~~ ആത്മവിശ്വാസത്തെ ഉടച്ച്, കെടുത്തു
ന്നവയായിരുന്നു. രോഹിത് വെമുല മുതൽ
ജിഷ്ണു പ്രണോയ് വരെ എത്തിനിൽക്കുന്ന യുവത്വ
ത്തിന്റെ ചൂഷണം ചെയ്യപ്പെടലിന്റെ
~~ഒന്ന്~~. ~~ഒന്ന്~~ നിജസ്ഥിതിയെക്കുറിച്ചുള്ള
മാധ്യമങ്ങളുടെ അന്വേഷണം. ചെന്നെത്തിച്ചത്
സ്വാശ്രയ കോളേജുകളിലെ 'ഇടിമുറികൾ' ഉൾപ്പെടു
ന്ന വസ്തുതകളിലേക്കാണ്. സ്വാതന്ത്ര്യവും
ധീരവുമായ മാധ്യമ നടപടികളെ എന്നിട്ടും വ

തല്ലിച്ചതച്ചാണ് സ്വാധീനശക്തികൾ ~~ശ~~ ശേഷിക്കുന്നത്. 'ഡിജിറ്റൽ ഇന്ത്യ' എന്ന ബൃഹത്തായ ആശയത്തിലേക്ക് പൊടുന്നനെ ഭരണകൂടം നടത്തിയ നീക്കത്തെ നിഷ്പക്ഷമായി നിരാകരിച്ച് വിമർശിക്കുകയാണ് മാധ്യമങ്ങൾ ചെയ്തത്. ~~ഡിജി~~ ഇന്ത്യ 'ഡിജിറ്റലാകുമ്പോഴും ~~ര~~ റോഡോ പാർപ്പിടമോ, വൈദ്യുതിയോ, ലഭ്യമാകാതെ പോകുന്ന ഗ്രാമീണ ജനതയുടെ വികാരങ്ങളെ മാധ്യമങ്ങൾ മാനിക്കുകയും കൂടെ നിൽക്കുകയും ചെയ്തു. പാർശ്വവൽക്കരിക്കപ്പെടാതെയുള്ള മനോഭാവമുള്ള ഇത്തരം ചിന്തകളെ മാനിക്കുന്നവരും പലരും. വെല്ലുവിളികൾ ഉയർത്തുകയാണ്. ജനാധിപത്യരാഷ്ട്രം എന്ന ബോധ്യം നഷ്ടപ്പെടും വിധം!

~~മാധ്യമ~~ മാധ്യമങ്ങളുടെ ഇന്നത്തെ ശക്തമായ വളർച്ചമായിത്തീരുകയാണ് സോഷ്യൽ മീഡിയകൾ. സമൂഹമാധ്യമങ്ങളിലെ അഭിപ്രായ പ്രകടനങ്ങൾ സുപ്രീംകോടതി ഹർജി വരെ ആയിമാറുന്ന ഇന്നത്തെ കാലത്ത് അവയിലെ ഖന, സ്വാതന്ത്ര്യവും സംരക്ഷിക്കപ്പെടേണ്ടതുതന്നെ. വ്യക്തിപരമായ ചിന്തകളും ആത്മരോഷങ്ങളും

3/4
PROGRAMME COMMITTEE
KERALA SCHOOL KALOLSAVAM-2017

ട്ടുവയ്ക്കുന്ന ഒരുവൻ തന്റെ ദേശത്ത് ആക്രമിക്കപ്പെടുന്നുവെങ്കിൽ ജനാധിപത്യം എന്ന വാക്കിന് എന്തർത്ഥമാണുള്ളത്? വ്യക്തികളെയും മാധ്യമ ചിന്തകളെയും മനുഷ്യത്വ സമൂഹം. തികച്ചും സ്വേച്ഛാധിപത്യപരമാണ്.

മാധ്യമങ്ങളെ പോലെ ചോദ്യം ചെയ്യപ്പെടുകയാണ് നമ്മുടെ രചനാ സംവിധാനങ്ങളും. ആൾദൈവങ്ങളെയും നിലവിലെ ആചാരങ്ങളെയും എതിർക്കുന്നവനെ മതവിദ്വേഷിയായും സ്വന്തം ആശയങ്ങളെ തുറന്നു പറയുന്നവനെ രാജ്യദ്രോഹിയായും മുദ്രകുത്തി പാകിസ്ഥാനിലേക്ക് നാടുകടത്താൻ വിധിക്കുന്നത് ആവിഷ്കാര-ചിന്താ സ്വാതന്ത്ര്യത്തിലേക്കുള്ള കൈകടത്തലിന്റെ അപകടകരമായ ഉദാഹരണങ്ങളാണ്.

അടുത്ത ദിവസങ്ങളിൽ സമൂഹത്തിൽ ആദരണീയരായ ജ്ഞാനപീഠജേതാവ് സാഹിത്യകാരൻ എം.ടി വാസുദേവൻ നായരും സംവിധായകൻ കമലും നേരിട്ട അടിസ്ഥാനരഹിതമായ വിമർശനങ്ങൾ ജനാധിപത്യത്തിനും സംസ്കാരത്തിനും നിരക്കാത്തവയാണ്.

ത്വ

തങ്ങളുടെ അഭിപ്രായങ്ങൾ എഴുതുന്നതിലും വരയിലും സംസാരത്തിലും സ്വാതന്ത്ര്യമായി ആവിഷ്കരിക്കാൻ സാധിക്കുന്നിടത്താണ് ജനാധിപത്യം ശരിയായും അർത്ഥവത്താകുന്നത്. മാധ്യമങ്ങളുടെ ആവിഷ്കാരസ്വാതന്ത്ര്യം നശിപ്പിക്കുന്ന തുടർച്ച ന്യൂനതകളായി രൂപപ്പെടുന്ന സാംസ്കാരിക - ജനാധിപത്യ ബോധത്തിന്റെ അടിക്കല്ലുകളെയാണ് നാം. തെറ്റിദ്ധാരണകളും അർത്ഥമില്ലാത്ത ചിന്തകളും വാർത്തകളായി മാറുന്ന അവസ്ഥയുണ്ടാകാറുണ്ട് എന്നതും നിഷേധിക്കാനാവില്ല. സോഷ്യൽ മീഡിയയിലും അർത്ഥശൂന്യമായ പരസ്യങ്ങളും പ്രമുഖരുടെ മരണവാർത്തയുൾപ്പെടെയും പ്രത്യക്ഷപ്പെടാറുണ്ട്. അവയെ മാറ്റിനിർത്തിയാൽ ദൂരലക്ഷ്യം വരുന്ന സത്യങ്ങളും വളച്ചൊടിക്കപ്പെടാത്ത ആവിഷ്കാരനവഭാഷകളാണ് ജനാധിപത്യ രാജ്യത്തെ ജനത ചെയ്യേണ്ടത്.

"ഒരു ആശയത്തിന്റെ സമയമെത്തിക്കഴിഞ്ഞാൽ പിന്നെ അതിനെ തടുക്കാൻ ലോകത്തെ ഒരു ശക്തിക്കും സാധ്യമല്ല" എന്ന്

1314
KERALA SCHOOL KALOLSAVAM-2017
PROGRAMME COMMITTEE

പാവങ്ങളുടെ ഇതിഹാസകാരൻ
വിക്ടർ ഹ്യൂഗോ പറഞ്ഞു. അതെ.
കേവലം ആവിഷ്കാരങ്ങളെ ചോദ്യം ചെയ്തതു
കൊണ്ട് നമ്മൾ നശിപ്പിക്കാനോ സത്യങ്ങൾ
മറയ്ക്കാനോ പോകുന്നില്ല. ഭരണഘടനാശില്പി
അംബേദ്കർ വിഭാവനം ചെയ്ത ജനാധിപത്യ
ഇന്ത്യയിൽ മാധ്യമങ്ങളുടെയും വ്യക്തിത്വങ്ങളുടെ
യും നിഷ്പക്ഷവും സ്വതന്ത്രവുമായ
വീക്ഷണങ്ങൾ ഉണ്ടാകേണ്ടതുണ്ട്. യുവതല
മുറയുടെയും രാജ്യത്തിന്റെയും സുസ്ഥിരവികാസത്തി
ന് ജനാധിപത്യത്തെ താങ്ങിനിർത്താൻ
മാധ്യമങ്ങൾ സ്വതന്ത്രമായി തന്നെ നിലനിൽക്കേ
ണ്ടതുണ്ട്. അഭിപ്രായങ്ങളും ചിന്തകളും
വിലകൊടുത്തുവാങ്ങാൻ സാധിക്കുന്നതല്ല.
അവ വിലപേശലുകൾക്കതീതമായി
നിലനിൽക്കുമ്പോഴാണ് ഇന്ത്യ മഹത്തായ
ജനാധിപത്യ രാഷ്ട്രമായും ഇന്ത്യൻ
ജനത രാജ്യാധിപന്മാരായും മാറുന്നത്.
പരമാധികാര – ജനാധിപത്യ – സോഷ്യലിസ്റ്റ് –
മതേതര – റിപ്പബ്ലിക് എന്ന ആശയം
സാധ്യമാകുന്നത്. മതസ്വാതന്ത്ര്യവും - ലിംഗസമത്വ

ത്വം ജനാധിപത്യബോധവും ചിന്താസ്വാതന്ത്ര്യവും
വ്യക്തിത്വവും അതിന്റെ ഉന്നതങ്ങളിലെത്തു
മ്പോൾ മാത്രമാണ്. ഇന്ത്യയെന്ന മഹാരാജ്യത്തെ
സുരക്ഷിതമായി നിലനിർത്താൻ മാധ്യമങ്ങൾ
എന്ന തൂണിന്റെ സ്വാതന്ത്ര്യം നില
നിർത്തുക തന്നെ. ജനാധിപത്യപരമായി
ഭാവി വാഗ്ദാനങ്ങളാകുന്നവരുടെ കടമയാണത്.
ഇന്ത്യയുടെ അധിപരായ ഇന്ത്യൻ ജനതയുടെ
കടമ. ഇന്ത്യൻ ജനാധിപത്യത്തിന്റെ
സുസ്ഥിരനിലനിൽപിനായി നമുക്ക് സ്വാതന്ത്ര്യ
ചിന്തകളോടെ ഒന്നിക്കാം. ജനാധിപത്യ
ഇന്ത്യ വിജയിക്കുക തന്നെ ചെയ്യും.

Scanned by CamScanner